ഗവ. യുപി സ്കൂൾ കോട്ടുവള്ളി 25850

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -26

ആമുഖം

1947ൽ ലോവർ പ്രൈമറി വിദ്യാലയം ആയിട്ടാണ് തുടക്കം 1967 ലാണ് യുപി സ്കൂളായി ഉയർത്തിയത്. സമൂഹത്തിന്റെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പ്രമുഖ വ്യക്തികൾ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ ആയിരുന്നു. 2002ലാണ് ഈ സ്കൂളിൽ പ്രീ പ്രൈമറി വിഭാഗം പ്രവർത്തനം ആരംഭിച്ചത്. ഏകദേശം ഒന്നേകാൽ ഏക്കറോളം സ്ഥലം ഇപ്പോൾ ഈ സ്കൂളിന് സ്വന്തമായിട്ടുണ്ട്. വിശാലമായ കളിസ്ഥലവും ആവശ്യത്തിന് ക്ലാസ് മുറികളും ഉണ്ട്. പ്രീ പ്രൈമറി മുതൽ ഏഴാം ക്ലാസ് വരെ 211 കുട്ടികൾ ഇവിടെ പഠിക്കുന്നു. പ്രീ പ്രൈമറിയിൽ രണ്ട് അധ്യാപകരും ഒരു ആയയും ഒന്നുമുതൽ ഏഴുവരെ ക്ലാസുകളിലായി പ്രഥമ അധ്യാപിക ഉൾപ്പെടെ 11 അധ്യാപകരും പി ടി സി എം, ഓഫീസ് അസിസ്റ്റൻറ്, എന്നിവർ ഒന്ന് വീതവും ഉണ്ട്.

നിരവധി വ്യത്യസ്തതയാർന്ന പ്രവർത്തനങ്ങൾ ഈ സ്കൂളിൽ നടന്നു വരുന്നു. കായിക പരിശീലനത്തിലൂടെ പ്രതിഭകളെ വാർത്തെടുക്കൽ ചെണ്ട, ചെസ്സ് ,കരാട്ടെ , സുംബ, ലഘു വ്യായാമങ്ങൾ എന്നിവയുള്ള പരിശീലനവും നടത്തിവരുന്നു. ഈ സ്കൂളിലെ വിദ്യാർത്ഥിയായിരുന്ന യദുകൃഷ്ണൻ ഡി എൽ നാഷണൽ ലെവൽ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അർഹത നേടിയിട്ടുണ്ട്. ഈ സ്കൂളിലെ വിദ്യാർഥികളായ ആരാധ്യ എസ് ,ടോംചിക് എന്നിവർ സംസ്ഥാനതല കായിക മത്സരങ്ങളിൽ പങ്കെടുക്കുകയും ആരാധ്യയ്ക്ക് സംസ്ഥാനതല നീന്തൽ മത്സരത്തിന് സമ്മാനം ലഭിക്കുകയും ഉണ്ടായി. 2024- 25 അധ്യയന വർഷത്തിൽ ആറ് കുട്ടികൾക്ക് യു .എസ് .എസ് സ്കോളർഷിപ്പും 3 കുട്ടികൾക്ക് എൽ.എസ്.എസ് സ്കോളർഷിപ്പും ലഭിക്കുകയുണ്ടായി. ഈ വിദ്യാലയത്തിന്റെ മികവാർന്ന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ബെസ്റ്റ് പി ടി എ അവാർഡ് ലഭിച്ചിട്ടുണ്ട്. സ്കൂളിന്റെ പ്രത്യേകതകളും നേട്ടങ്ങളും രേഖപ്പെടുത്തിയ ഡിജിറ്റൽ ബോർഡ് സ്കൂളിൻറെ മുന്നിൽ സ്ഥാപിച്ചിട്ടുണ്ട് .

വിദ്യാലയം മികവിന്റെ കേന്ദ്രം

- പാഠ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയാന്തരീക്ഷം സൃഷ്ടിക്കൽ.
- ശുചിത്വം ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യമൊരുക്കൽ
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ
- ലോകത്ത് എവിടെയും സമാന പ്രായമുള്ള കുട്ടികൾ ആർജിക്കുന്നതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ
- പാരിസ്ഥിതിക അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ടതാണ് ഈ ഭൂമി എന്ന കാഴ്ചപ്പാട് കുട്ടികളിൽ രൂപപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുക.
- ലഹരി വിരുദ്ധ മനോഭാവം വളർത്തുവാൻ കുട്ടികളെ ബോധവൽക്കരിക്കും
- ലഹരിയുടെ ഉപയോഗം പുതിയ തലമുറയിൽ നിന്നും ഒഴിവാക്കുന്നതിനും അവയ്ക്കെതിരായ മനോഭാവം വളർത്തുന്ന പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുന്നതിനും
- പി.ടി.എ ജനകീയ സഹകരണത്തോടെ സ്കൂൾ പരിസരത്ത് മദ്യം മയക്കുമരുന്ന് ലഭ്യത പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യും
- മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെയുള്ള ബഹുജന വിദ്യാഭ്യാസത്തിൽ കുട്ടികളുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുക

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം ക്ലാസ് - 1

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്രവികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത് വായന വിവിധ വ്യവഹാര രൂപങ്ങൾ സ്വതന്ത്രമായ പ്രതികരണങ്ങൾ ശില്പശാല സംയുക്ത ഡയറി സചിത്രപുസ്തകം സ്വതന്ത്രരചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. കുട്ടികളുടെ ശാരീരികവും മാനസികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാനാവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്. അക്കാദമിക മാസ്റ്റർ പ്ലാൻ വഴി ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടി സ്വയം സ്വായത്തമാക്കണം എന്നത് ഓരോ മാസവും മുൻകൂട്ടി ഓരോ പ്രവർത്തനപ്പട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപകരും ഉറപ്പിക്കുന്നു. ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർ പ്രവർത്തനങ്ങളുമാണ് അക്കാദമികമാസ്റ്റർ പ്ലാനിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാകുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.
- എല്ലാകുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ വായിച്ച് ആശയം പറയാൻ കഴിവുള്ളവരാക്കുക.
- എല്ലാകുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം കൂടാതെ ലഘുവാക്യങ്ങളിൽ പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നുറപ്പുവരുത്തുക.
- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കുന്നതിനായുള്ള ലഘുരചന ശില്പശാലകൾ നടത്തുന്നു.
- ലളിതമായ വായനാ കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- തിയേറ്റർ സാധ്യത, വായന കളികൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു.
- ലിപികൾ തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുകവിതകൾ, ചെറുകഥകൾ എഴുതുന്നു, വായിക്കുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയേറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- കുഞ്ഞു ചിത്രകഥാ പുസ്തകങ്ങൾ സ്വയം നിർമ്മിക്കാൻ പ്രാപ്തി നേടുന്നു.
- സ്വന്തമായി എഴുതാനും വായിക്കാനും വിവിധ രചനകളിൽ ഏർപ്പെടാനും ശേഷി നേടുന്നു.

ജൂൺ

- സചിത്രബുക്ക്, സചിത്രനോട്ടുബുക്ക്, അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കൽ
- സചിത്രബുക്ക് സംയുക്തഡയറി എന്ന ആശയം രക്ഷിതാക്കളെ ബോധ്യപ്പെടുത്തുന്നു
- അക്കാദമിക മാസ്റ്റർ പ്ലാൻ, അവതരണം.
- താളാത്മകമായി ചെറുകവിതകൾ ചൊല്ലൽ
- കഥകൾ കേൾക്കാനവസരം

ജൂലൈ

- സംയുക്തഡയറി എഴുതാൻ സഹായം ഒരുക്കൽ
- കഥ പറയാൻ അവസരം ഒരുക്കൽ
- വായനമൂല ക്ലാസ് ലൈബ്രറി ഒരുക്കൽ
- രക്ഷിതാവിന്റെ സഹായത്താൽ സംയുക്തഡയറി എഴുതുന്നു.
- ചെറിയ കഥകൾ കേൾക്കാനവസരം.
- അഭിനയപ്പാട്ടുകൾ നല്കി ആവർത്തിച്ചുവരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ
- ചിത്രവായന വാചികമായി പറയൽ

ആഗസ്റ്റ്

- റീഡേഴ്സ് തിയേറ്റർ, നിർമ്മാണ ശില്പശാല, പാട്ടരങ്ങ്, മലയാളം മധുരം പ്രവർത്തനങ്ങൾ
- സംയുക്തഡയറി എഴുത്ത് തുടരുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിന് അഭിനയപ്പാട്ടുകൾ ചിത്രവായനാകാർഡുകൾ ഇവ തയാറാക്കുന്നു അവതരിപ്പിക്കുന്നു.
- രചനോത്സവത്തിൽ കുട്ടികൾ സ്വതന്ത്രരചനനടത്താൻ കൈത്താങ്ങ് നൽകുന്നു.
- ആശയഗ്രഹണത്തോടെ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടുന്നു.

സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്തൽ. ചെറിയ ചെറിയ വാക്യങ്ങൾ.
- സ്വതന്ത്ര രചന പരിപോഷിപ്പിക്കൽ
- വ്യക്തിഗത രചനക്കവസരം ഒരുക്കുന്നു.
- കുട്ടികളെ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറ്റുന്നു.

ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു.
- ചിത്രവായനക്ക് അവസരമൊരുക്കുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വതന്ത്ര രചനകൾ പ്രദർശിപ്പിക്കുന്നു
- കുട്ടിക്കവിതകൾ വായിച്ച് ആസ്വദിക്കുകയും ഒറ്റയ്ക്കും സംഘമായും അവതരിപ്പിക്കുന്നു

ദിന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.

<u>നവംബർ</u>

- സംയുക്തഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്രരചയിതാക്കൾ ആകുന്നു.
- ചിത്രവായന
- വായനോത്സവം തുടങ്ങുന്നു.
- രചനോത്സവം തുടങ്ങുന്നു.
- നാടകീയമായി കവിതകൾ ചൊല്ലുന്നു.
- ചെറിയ വായന കാർഡുകൾ, ബാലസാഹിത്യകൃതികൾ എന്നിവ ഉപയോഗിച്ച് പരസ്പരം സഹായിച്ച് കൂട്ടവായന നടത്തുന്നു.
- ചെറുകഥകൾ പങ്കിട്ട് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- ചിത്രത്തിന് ചേർന്ന കഥകൾ എഴുതൽ. ചിത്രവര
- ദൈനംദിന അനുഭവങ്ങൾ വാർത്താരൂപത്തിൽ തലക്കെട്ട് എഴുതുന്നു.
- ക്ലാസ് പത്രം.

<u>ഡിസംബർ</u>

- രചനശേഷി പരിപോഷിപ്പിക്കൽ
- ചെറുഗ്രൂപ്പുകളിൽ പരസ്പരം സഹായിച്ച് കൂട്ടെഴുത്ത് നടത്തുന്നു.
- ലഘു കവിതകൾ, കഥകൾ എഴുതാൻ കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയപൂർണതയോടെ രചനാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സംയുക്തഡയറി കൂടുതൽ മെച്ചപ്പെടുത്തുന്നു.

<u>ജനുവരി</u>

- കുട്ടികളെ എഴുത്തിന്റെ ലോകത്തേക്ക് എത്തിക്കാൻ ലഘുരചന ശില്പശാലകൾ നടത്തുന്നു.
- തിയേറ്റർ സാധ്യതകൾ പ്രയോജനപ്പെടുത്തി കുട്ടികളെ സ്വതന്ത്രവായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറു കവിതകൾ, കഥകൾ എന്നിവയുടെ പ്രകാശനം
- സംയുക്തഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ

ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു.

- ആത്മവിശ്വാസത്തോടെ സ്വതന്ത്രരായി വായിക്കുന്നതിനുള്ള അവസരം ഒരുക്കുന്നു.
- കുട്ടികളുടെ രചനകൾ, ചേർത്ത് കയ്യെഴുത്ത് പുസ്തകം തയാറാക്കൽ

ഫെബ്രുവരി

- ഭാഷോത്സവം രചനോത്സവം എന്നീ ഭാഷാപ്രവർത്തനങ്ങൾ ആഘോഷാന്തരീക്ഷത്തിൽ നടപ്പിലാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിനാക്കൽ
- സ്വന്തമായി രചനകൾ നടത്തി കയ്യെഴുത്തു പുസ്തകങ്ങൾ രൂപപ്പെടുത്തുന്നു.
- ആശയ പൂർണ്ണതയോടെ തനിമയുള്ള രചനകൾ നടത്തുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കുന്നു.

മാർച്ച്

- കുട്ടികൾ തയാറാക്കിയ കഥകൾ കവിതകൾ പുസ്തകരൂപത്തിൽ പ്രകാശനം ചെയ്യുന്നു.
- ര

## അക്കാദമിക മാസ്റ്റർ പ്ലാൻ

## ഗണിതം ക്ലാസ് 1

### ആമുഖം.

ഒന്നാം ക്ലാസിൽ നിന്ന് തന്നെ ഗണിതശേഷി കുട്ടികൾ രസകരമായ പ്രവർത്തനങ്ങളിലൂടെ നേടേണ്ടതുണ്ട്. ഗണിതമില്ലാതെ ജീവിതത്തിൽ ഒന്നുമില്ല എന്നു തന്നെ പറയാം. ഗണിതം പാട്ടിലൂടെയും കളികളിലൂടെയും ആസ്വാദ്യകരമാക്കാവുന്നതാണ്.

### ലക്ഷ്യങ്ങൾ

- ഒന്നു മുതൽ 5 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു. എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി, തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- പകുതിയാക്കാൻ പറ്റുന്ന സംഖ്യകളുടെ ആശയത്തെയും വസ്തുക്കൾ വച്ച് കണ്ടെത്തി വിശദീകരിക്കുന്നു.
- ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ശേഖരിച്ച് ഗണിതകിറ്റ് തയ്യാറാക്കുന്നു.
- ഒന്നു മുതൽ 25 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- 9 ൽ താഴെയുള്ള വ്യത്യസ്ത സംഖ്യകളിൽ ഒരു സംഖ്യയോട് എത്ര കൂട്ടിയാൽ തന്നിരിക്കുന്ന വലിയ സംഖ്യ കിട്ടും എന്ന് കണ്ടെത്തി പറയുന്നു.
- ഒറ്റ സംഖ്യകൾ എണ്ണിയെടുക്കാനും എഴുതാനും വായിക്കാനും കഴിയുന്നു.
- ആരോഹണ അവരോഹണ ക്രമത്തിലാക്കൽ.

- രണ്ട് ഒരക്ക സംഖ്യകളുടെ സങ്കലനം
- രണ്ട് ഒരക്ക സംഖ്യകളുടെ വ്യവകലനം.
- സംഖ്യാവ്യാഖ്യാനം,
- സംഖ്യാപാറ്റേൺ രൂപീകരണം
- ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ്.

ജൂൺ:- സംഖ്യകൾ തിരിച്ചറിയുന്നു. പറയുന്ന രൂപങ്ങൾ തിരിച്ചറിയുന്നു.

ജൂലൈ: ഗണിതകിറ്റ് തയാറാക്കൽ

ആഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ

പ്രവർത്തനങ്ങൾ

- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ
- കൂടുതൽ, കുറവ് തിരിച്ചറിയൽ
- ഗണിതകിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടൽ

സെപ്റ്റംബർ

- സംഖ്യാഗാനങ്ങൾ അവതരിപ്പിക്കൽ
- ഒരക്ക സംഖ്യകളുടെ സങ്കലനം
- ഒരക്ക സംഖ്യകളുടെ വ്യവകലനം
- ഒന്നിനോടൊന്ന് കൂട്ടിയാൽ തൊട്ടടുത്ത സംഖ്യ കിട്ടുമെന്ന തിരിച്ചറിവ്, സംഖ്യാഗാനം ആലപിക്കൽ

ഒക്ടോബർ

- ഒറ്റ സംഖ്യകൾ, ഇരട്ട സംഖ്യകൾ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്

- വലിയ സംഖ്യ, ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
- സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ

നവംബർ

- സംഖ്യാഗാനങ്ങൾ പാടുന്ന ശേഖരിക്കുന്നു.
- ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കാൻ വർക്ക്ഷീറ്റുകൾ നൽകുന്നു.
- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിൽ സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ.

ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിലെഴുതൽ
- പാറ്റേൺ രൂപീകരണം

ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങൾ
- സങ്കലനം, വ്യവകലനം +, − ചിഹ്നങ്ങൾ തിരിച്ചറിയുന്നു
- സംഖ്യാ വ്യാഖ്യാനം

ഫെബ്രുവരി

- വിലവിവരപ്പട്ടിക വച്ച് വിശകലന പ്രക്രിയകളിൽ ഏർപ്പെടൽ
- ലളിതമായ ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.

മാർച്ച്:

ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക്ഷീറ്റുകൾ പൂർത്തിയാക്കുന്നു.

- പ്രശ്നാപഗ്രഥനവുമായി ബന്ധപ്പെട്ട കണക്കുകൾ ചെയ്യുന്നു.

English

Aim : To listen speak, read and write English without mistakes.

June : Activities to develop listening skills.
Give simple instructions to acquire language. Ensure free and fearless environment to acquire language. Ensure non conscious learning. Introduce games, action songs short videos.

July : Activities to develop speaking skills.
Give more emphasis for "Motherese" The Teacher's talk is very essential to interact with children. Picture reading choral singing, growing sentences Graphic reading and graphic writing.

August : Identify the alphabets. Find out words for each alphabet. Reading of the evolving texts related to T B (graphic reading)
Echo reading, chain reading, can sequence the pictures of the story and can tell about the pictures. ~~of the story~~..

September : Replace the pictures using right words. Make word webs conversations, picture descriptions. Add more lines. (graphic writing)

October : Read and write words related to TB
Read and write simple sentences. Exhibit picture cards. Picture reading of the cards with the help of teacher.

November ; Exhibits simple reading cards.
Read the cards with the help of the teacher
Tell simple stories

December : Predict what is going to happen while reading a story. Can sequence and arrange the events of the story. Writes the events in order. Write short descriptions

January : Reads the portions in the T.B
Read the reading cards themselves.
Make questions from a reading material
Write answers for the questions.

February :
Provide opportunity to express myself in the class room.

March : Read and write simple sentences.
Picture reading and picture description.

മേഖല - അക്കാദമികം

ഉപമേഖല - ഭാഷ

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഉചിതമായ വ്യവഹാരരൂപങ്ങളിലുള്ള ലേഖന മികവ് | എഴുത്തും കുത്തും ലഘു രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ | ഒക്ടോബർ നവംബർ | SRG SMC MPTA | MPTA |
| | ലഘുപതിപ്പുകൾ തയ്യാറാക്കൽ | ഡിസംബർ | | |
| സർഗാത്മകതയെ തട്ടിയുണർത്താം | രചനാ ശില്പശാല കഥ, കവിത രചനകൾക്കുള്ള വേദിയൊരുക്കൽ | ജനുവരി | SMC അധ്യാപകർ ജനങ്ങൾ | SRG SMC |

Class : II

Subject : English

| Goal | Activity | Period | Authority |
|---|---|---|---|
| To provide opportunities to speak English confidently. | Let's talk... Interact with the resource person. | Once in three months. | SRG, Class Teacher |
| | English Balasabha. | Once a month | SSA |
| | English Assembly One day English | Weekly | SMC. |

മേഖല - അക്കാദമികം

ഉപമേഖല - ഗണിതം

ക്ലാസ് - II

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത ചിന്താശേഷി വളർത്തൽ | ഒരു ദിനം ഒരു ചോദ്യം കുസൃതി കണക്കുകളും ഗണിത പസിലുകളും പരിചയപ്പെടൽ | ആഴ്ചയിൽ ഒന്ന് വീതം | SRG ക്ലാസ് ടീച്ചർ | SSA |
| | ഗണിത ക്ലബ്ബ് ഗണിത കളികളിലൂടെ | മാസത്തിൽ ഒന്ന് വീതം | | |

# Std 3 - English

AIM - To speak, Read and write English without any mistakes.

Time - June to March

To check the vocabulary and writing skills of pupils.

Activities

June and July

- Pretest
- To develop listening skills and reading skills

Listening skills

Games, Action Songs.

- Hello English Activities
- Conversations
- Skit, stories
- Use ICT

Speaking skills

- Identify the naming words from the picture.
- Identify the action words from the picture.
- Make the simple sentences using the word about picture.
- Make simple description about the picture.
- Growing sentences, Picture reading, Self introductions.

August and September

- Develop the creative speaking and writing

Reading skills

- Books Reading
- Find words
- Collect and read past tense
- Rhyming words
- TB Activities

Writing skills

Make word web
Picture description
Word chain
Make words and Sentences
Make riddles, conversations
Add More lines

October and November

To Express thoughts, feelings etc.

Reading skills

Library book Reading

- Conversations, skit, stories, use ICT
- Read notice
- Develop story

Writing skills

- Description
- Thoughts
- Diary

## Std : 3 മലയാളം

ഉദ്ദേശ്യം : വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും, എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

കാലക്രമം : ജൂൺ മുതൽ മാർച്ച് വരെ

ലക്ഷ്യങ്ങൾ : ശബ്ദശേഖരം വർദ്ധിപ്പിക്കൽ
എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ

ജൂൺ & ജൂലൈ

- പ്രീടെസ്റ്റ്
- നിർദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക.

പ്രവർത്തനങ്ങൾ

- ഭാഷാഗെയിമുകൾ
- അഭിനയഗാനം
- ഭാവാത്മക വായന
- കഥ പറയൽ
- അധ്യാപിക ഭാവാത്മമായി പറയുന്ന കഥകൾ കേൾക്കൽ.
- ഐ.സി.ടി ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ.

സംസാരശേഷി

- ചിത്രവായന
- കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സ് അവതരണം

അനുഭവ വിവരണം

- ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കുക.
- ചിത്രവിവരണം

## ഓഗസ്റ്റ് & സെപ്റ്റംബർ

ലക്ഷ്യം : സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർഥികളെ വികസിപ്പിക്കുക.

വായനാശേഷി : കഥാപുസ്തകങ്ങൾ വായിക്കുക

വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുക.

- പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ

എഴുത്ത് : വാക്കുകളുടെ ചങ്ങല നിർമിക്കുക.

- ചിത്രവിവരണം
- വാക്കുകളും വാക്യങ്ങളും നിർമിക്കുക
- ചോദ്യങ്ങൾ നിർമിക്കുക
- ചോദ്യോത്തരപ്പയറ്റ്
- വാക്കുകൾ കൂട്ടിച്ചേർത്തു കൂടുതൽ വരികൾ എഴുതുക.

## ഒക്ടോബർ & നവംബർ

ലക്ഷ്യം : ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം.

വായനാശേഷി :
- ലൈബ്രറി പുസ്തകങ്ങൾ വായിക്കുക.
- കഥ, റോൾപ്ലേ, അനുഭവക്കുറിപ്പുകൾ.

STD IV

# English

## Objectives

- To encourage active listening and speaking skills.
- To develop an English atmosphere that the children are engaging.
- To expand vocabulary for improved communication and comprehension.
- Ensure fluency in reading and writing.
- To equip students with effective written communication skill.
- To establish a solid understanding of language elements.
- To develop a love for reading and literature.
- To develop children's own stories and drafting books.
- To apply the language in day today life.

| Sl. No | Name | Description | Period |
|---|---|---|---|
| 1. | English challenge | We can creates an English atmosphere. Speak simple English sentences frequently. Uses simple questions and lead to jokes. Prepare some story cards and short videos of it's reading. Share them in whats app group. celebrate a day in a week as English day. | June - March |

| | | | |
|---|---|---|---|
| | | Paste some English words on walls, doors, shelf, benches, desks, tables etc. Make use of some action songs and games also. | |
| 2. | English Assembly | Listening. Teacher talk, speaking - Prayer, pledge, news, riddles, diary, quotes of eminent leaders, reader's theatre etc. | June - March |
| 3. | Speech bubbles | Give chances for filling speech-bubbles. eg:- Issac and Dilna Give more chances in the next coming units also | From June 2nd week onwards. |
| 4. | Mew | New words are introducing through Pictures and appropriate sentences in different context to get it's meaning. Students have to keep them in notebooks as My English world. | June to March |
| 5 | Read and Rejoice | Tells simple English stories with proper actions and voice modulations. Gives more stories having great values like brave, unity, kindness, honesty etc.. for reading. | |

| | | | |
|---|---|---|---|
| 6 | Picture diary | Experience sharing and writing diary with suitable pictures | From the end of June to March |
| 7. | Hai English (English club) | Various club activities Eng- Reader's theatre | July to February |
| 8 | My notice | Exhibits model notices. Leads to discussion and prepare school notices about major activities | June last week |
| 9. | Digi task | Teacher and students are calling each other through mobile phone. share feelings thoughts and events in English. | Frequently |
| 10 | Picture dictionary (world of words) | At the end of each unit collect words, reorder them and create a picture dictionary | At the end of each unit.. |
| 11. | Creative space | provide student with a set of story related pictures. They should sequence the events and develop a meaningful story based on them | Sargavela periods |
| 12 | Description | Gives different pictures to prepare a description (Describing words are introducing occasionally) | July |

| | | | |
|---|---|---|---|
| 13 | Riddles | Teacher asks some riddles, eliciting peculiarities of a riddle and gives 'riddles making' as a group work | July |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

ക്ലാസ് IV ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| ഗണിത പഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്ത് നടപ്പാക്കൽ (ഡയസ് കളി, പാമ്പും കോണിയും). സങ്കലനം, വ്യവകലനം (കച്ചവട കളി) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ |
| ഗണിതശാസ്ത്ര പഠനം രസകരമാക്കൽ. കരചലനശേഷി വികാസം | ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം. | വർഷത്തിലെ രിക്കൽ | ,, |
| ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ | ഗണിത ചുമർ ഒരുക്കൽ | വർഷം മുഴുവനും | ,, |

| | | | |
|---|---|---|---|
| പഠനോപകരണങ്ങളിലൂടെ ഗണിതപഠനം രസകരമാക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം പ്രദർശനം. | ആവശ്യാനുസരണം. | ക്ലാസ് ടീച്ചർ |
| ഗണിത പഠന പ്രവർത്തനം സുതാര്യമാക്കൽ | ഗണിതലാബ് ഒരുക്കൽ പഠനത്തിന് ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ. | ,, |
| ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി, പസിൽ പാറ്റേൺ, പഠന ഉൽപന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | ,, |

# അക്കാദമിക വാർഷിക പ്ലാൻ

## ക്ലാസ് IV മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം പരിശീലനം സംഘടിപ്പിക്കൽ. ആവശ്യമായ സാമഗ്രികൾ ഒരുക്കൽ | ലക്ഷ്യം നേടുന്നതു വരെ | ക്ലാസ് ടീച്ചർ |
| വായനാശേഷി വളർത്തൽ | ക്ലാസ് വായന കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തകപരിചയം, വായനക്കുറിപ്പ് | വർഷം മുഴുവൻ | " |
| എഴുത്ത് പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളിൽ നിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ | പ്രതിവാരം. | " |

| | | | |
|---|---|---|---|
| നമ്മുടെ പ്രാചീന (നാടൻ) ഭക്ഷണങ്ങൾ പരിചയപ്പെടൽ | ഭക്ഷ്യമേള, പാചക കുറിപ്പുകളടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ | വർഷത്തിലൊന്ന്. | ക്ലാസ് ടീച്ചർ |
| സാഹിത്യകാരന്മാരുടെ ജന്മ ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ അടുത്തറിയൽ | ഓർമ്മദിനങ്ങൾ ആചരിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തക പരിചയം | ആവശ്യാനുസരണം. | " |
| പാഠഭാഗവുമായി ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ | പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ് മുറിയിലേക്ക്, കലാവതരണം. കലയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ, ചമയങ്ങൾ പ്രദർശനം. | വർഷത്തിലൊന്ന്. | " |
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ | കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം | " | " |

# പരിസരപഠനം STD IV

പ്രവൃത്തി നടത്തം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണം-അറിവു നിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ. | ആവശ്യാനുസരണം | HM<br>CPTA | PTA |
| ശാസ്ത്രമേള | | | | |
| ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ | വർഷം മുഴുവൻ | HM<br>SRG<br>Class Teacher | PTA<br>SSA |
| ശാസ്ത്രയാത്ര | | | | |
| ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | വനനിരീക്ഷണ കേന്ദ്രം<br>സയൻസ് പാർക്ക്<br>ശാസ്ത്ര മെഡിക്കൽ പ്രദർശനങ്ങൾ<br>ഫോക്ക്ലോർ അക്കാദമി ഇവ സന്ദർശിക്കൽ | ആവശ്യാനുസരണം | HM<br>SRG<br>CPTA<br>Class Teacher | PTA |

| | | | | |
|---|---|---|---|---|
| ഭൂപടമൊരുക്കാം | | | | |
| കേരളം - ഇന്ത്യ - ഭൂപട വായന<br>സൂചിക - പരിചയപ്പെടൽ | ഭൂപട വായന<br>ഭൂപട രചന<br>സൂചികാ നിർമ്മാണം<br>നിറം ഉപയോഗിക്കൽ | വർഷത്തിലൊന്ന് | SRG<br>Class Teacher | PTA |
| ശാസ്ത്ര വിസ്മയ ചുമർ | | | | |
| ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ | ആവശ്യാനുസരണം | SRG<br>Class Teacher | PTA |
| ശാസ്ത്രോത്സവം | | | | |
| ശാസ്ത്ര പഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊരിക്കൽ | HM<br>SRG<br>Class Teacher | PTA |
| ശാസ്ത്രമാസിക | | | | |
| ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | ശാസ്ത്ര മാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | HM<br>SRG<br>Class Teacher | PTA |

# യു.പി മലയാളം

– അക്കാദമിക് മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം, ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം: പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ അവതരിപ്പിക്കുന്നു. (കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്) | ജൂൺ മാസം | മലയാളം അധ്യാപകർ |
| | ഭാഷാകേളി: അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ |
| | വാക്കുകളിൽ നിന്ന് വാക്യത്തിലേക്ക് അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദ | ജൂൺ മാസം | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | ...ങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം<br>വാർത്താലോകത്തേക്ക്: പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു.<br>വാർത്താവായന: നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ്തലത്തിൽ വായന നടത്തി തിരെഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു.<br>അതാത് മാസത്തെ പ്രധാനസംഭവങ്ങൾ, ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം | എല്ലാ ദിവസവും | മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| | നടത്തുന്നു. | | |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗശേഷി വളർത്തൽ | <u>സംവാദം / മുഖാമുഖം</u> : സാഹിത്യകാരന്മാർ, എഴുത്തുകാർ കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ടുതവണ | ഹെഡ്മിസ്ട്രസ് മലയാളം അധ്യാപകർ |
| 4) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ | <u>രംഗാവിഷ്കാരം</u>: പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും ഉൾപ്പെടുത്തിക്കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പിടിഎ മലയാളം അധ്യാപകർ |

| | | | |
|---|---|---|---|
| 5) കുട്ടികളുടെ പത്രം | വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു. സ്കൂളിലെ പ്രധാന സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | ആഴ്ചയിൽ ഒരു ദിവസം | മലയാളം ക്ലബ് മലയാളം അധ്യാപകർ |

# യു.പി വിഭാഗം - ഇംഗ്ലീഷ്

അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു | Lend your ear - ലളിതവും രസകരവുമായ ഇംഗ്ലീഷ് റെക്കോർഡിങ്ങുകൾ കേൾപ്പിക്കുന്നു. അനുബന്ധ ചോദ്യങ്ങൾ നൽകി ഉത്തരം കണ്ടെത്താൻ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ |
| | Follow me if you can - ഇംഗ്ലീഷിൽ നൽകുന്ന നിർദേശങ്ങൾക്കനുസൃതമായി പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ |
| | Breaking news - ഇംഗ്ലീഷ് റേഡിയോ വാർത്തകൾ കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം നൽകുന്നു. | ആഗസ്റ്റ് | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | Treasure Hunt: വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | Meet the Foreigner: തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ |
| | One man show : ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too can വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. | ഡിസംബർ | ഇംഗ്ലീഷ് അധ്യാപകർ |
| | Leaning Ladder പാഠഭാഗത്തുനിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ | ജനുവരി | ഇംഗ്ലീഷ് അധ്യാപകർ |

| | | | |
|---|---|---|---|
| | ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടിപടിയായി മലയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | | |
| | FM Corner : വ്യത്യസ്തമായ കഥകൾ Readers Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകർ |
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | Alert Zone : സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകർ |
| | Funtime Funda : കടംകഥകൾ, കുസൃതി ചോദ്യങ്ങൾ ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | ആഴ്ചയിലൊരിക്കൽ | ഇംഗ്ലീഷ് അധ്യാപകർ |

# അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 - 26. ഹിന്ദി (യു.പി.)

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ചുമതല | ലക്ഷ്യം. |
| --- | --- | --- | --- | --- | --- |
| 1. | കുട്ടികളുടെ നിലവാരം കണ്ടെത്താൻ പ്രീടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | കുട്ടികൾക്ക് ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയ വിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN, Slow learners കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ. |
| 2. | കുട്ടികൾക്ക് പുത്തൻ ഉണർവ് നൽകാവുന്ന, ഭാഷാബോധത്തിന്റെ പ്രവർത്തനങ്ങൾ. പരിമിതികൾ പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ | ജൂൺ രണ്ടാം വാരം | 5,6,7 | ഹിന്ദി അധ്യാപകർ മറ്റ് അധ്യാപകർ | ഭാഷയോടുള്ള താൽപര്യം വർദ്ധിപ്പിക്കൽ. |
| 3. | CWSN, slow learner കുട്ടികളെ വിലയിരുത്തി അവരുടെ കഴിവിനനുസൃത മാനസികാവസ്ഥയും കണ്ടെത്തിയുള്ള പ്രവർത്തനങ്ങൾ. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ചുമതല | ലക്ഷ്യം. |
|---|---|---|---|---|---|
| 4 | കുട്ടികൾക്കായി പ്രത്യേകം (CWSN, Slow learners) പതിപ്പുകൾ, ICT ഉപയോഗിച്ച് പലവർണ്ണങ്ങളിൽ ആകർഷകമായി അക്ഷരമാല അവതരണം. | ആഴ്ചയിൽ ഒരിക്കൽ | 5,6,7 | ഹിന്ദി അധ്യാപകർ | ഭാഷയോടുള്ള അഭിരുചിയും ജ്ഞാനവും വർധിപ്പിക്കുക |
| 5. | ഹിന്ദിയിലുള്ള ഡയറിക്കുറിപ്പുകൾ, ജീവനികൾ, ആത്മകഥകൾ, കവിതകൾ, കഥകൾ എന്നിവ വായിപ്പിക്കുക. | ആഴ്ചയിൽ ഒരിക്കൽ | 5,6,7 | ഹിന്ദി അധ്യാപകർ | |
| 6. | ഹിന്ദിയിൽ ചെറിയ പ്രസംഗങ്ങൾ പരിശീലിപ്പിക്കുക. ഹിന്ദി അസംബ്ലി നടത്തുക | ആഴ്ചയിൽ ഒരിക്കൽ (ഹിന്ദി ദിനം) | 5,6,7 | ഹിന്ദി അധ്യാപകർ | |
| 7. | കുട്ടികളെ കൊണ്ട് ഹിന്ദി പത്രിക തയ്യാറാക്കുക. | ജനുവരി | 5,6,7 | ഹിന്ദി അധ്യാപകർ | |
| 8. | പാഠഭാഗവുമായി ബന്ധപ്പെട്ട ഓഡിയോ, വീഡിയോ കേൾപ്പിക്കുക. ഹിന്ദിയിൽ സംസാരിക്കാൻ പ്രോത്സാഹിപ്പിക്കുക. | പ്രതിദിനം | 5,6,7 | ഹിന്ദി അധ്യാപകർ | |

| നമ്പർ | പ്രവർത്തനങ്ങൾ | കാലയളവ് | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 9. | ഹിന്ദി അന്തർദ്ദേശീയമായി ബന്ധപ്പെടാനുള്ള അവസരം [ഡോക്യുമെന്ററി വാർത്തകൾ] | ഫെബ്രുവരി | 5,6,7 | ഹിന്ദി അദ്ധ്യാപകർ, ക്ലാസ്സ് അദ്ധ്യാപകർ, മറ്റ് ഭാഷാ അദ്ധ്യാപകർ. | ഹിന്ദി ഭാഷയോട് കുട്ടികൾക്ക് താൽപര്യം വർദ്ധിപ്പിക്കുക. |
| 10. | കുട്ടികൾക്ക് മാനസിക ഉല്ലാസം നിലനിർത്തി കൊണ്ട് ഭാഷാ പഠനം ഉൾപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ. | മാർച്ച് | 5,6,7 | ഹിന്ദി അദ്ധ്യാപകർ, മറ്റ് അദ്ധ്യാപകർ | |
| | | | | | |

# യു.പി ബേസിക് സയൻസ്

| പദ്ധതി | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| പരിസ്ഥിതി സംരക്ഷണം | പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് സ്കൂൾ അങ്കണത്തോടും ആഘോഷിക്കുക. | ജൂൺ | കാർത്തിക ഇന്ദു |
| | പോസ്റ്റർ രചന നിർമ്മാണം. | | |
| ശാസ്ത്രാഭിരുചി | ശാസ്ത്ര വിസ്മയ ചുമർ | അക്കാദമിക വർഷം | ശാസ്ത്ര രംഗം |
| | ശാസ്ത്ര ക്വിസ് മത്സരങ്ങൾ | അക്കാദമിക വർഷം | ശാസ്ത്ര രംഗം |
| | പത്രവാർത്ത പരിശീലനം | ജൂലൈ | ശാസ്ത്ര രംഗം |
| | ശാസ്ത്രമേള | ആഗസ്റ്റ് | ശാസ്ത്ര രംഗം |
| | സയൻസ് ക്വിസ് | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- |
| ആരോഗ്യ സംരക്ഷണം | ഇലയറിവ് - ഇലക്കറികൾ കൊണ്ടുള്ള ഭക്ഷ്യമേള | സെപ്റ്റംബർ | സയൻസ് ക്ലബ്ബ് |
| | സോപ്പ് നിർമ്മാണം | ഒക്ടോബർ | " |
| | ഊർജ്ജ സംരക്ഷണ ബോധവൽക്കരണം | നവംബർ | ശാസ്ത്രാധ്യാപകർ |
| | ശാസ്ത്ര പ്രോജക്ട് | ഡിസംബർ | |
| | സമീകൃതാഹാരം - ചാർട്ട് | | |
| | പോഷക ഘടകങ്ങൾ - ചാർട്ട് | | |
| | സയൻസ് പാർക്ക് - പ്രദർശനം | ഫെബ്രുവരി | ശാസ്ത്ര രംഗം |
| | ജൈവകീടനാശിനി നിർമ്മാണം | | സയൻസ് ക്ലബ്ബ് |

## യു.പി. സോഷ്യൽ സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ലഹരി ഉപയോഗം, ക്ലീനിംഗ് പ്രവർത്തനങ്ങൾ, റോഡ് സുരക്ഷ തുടങ്ങിയ കാര്യങ്ങളിൽ ബോധവത്കരണം | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ വിഷയങ്ങളിൽ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര ക്ലബ്ബ്. സാമൂഹ്യശാസ്ത്ര അധ്യാപകർ | PTA |
| സാമൂഹ്യശാസ്ത്ര വിഷയത്തിന്റെ ഭാഗമായി വിവിധ മേഖലകളിൽ വിദ്യാർത്ഥികളെ മെച്ചപ്പെട്ട നിലവാരത്തിലെത്തിക്കുക | പൊതുവിജ്ഞാനം നേടുക, മത്സരപരീക്ഷകളിൽ പങ്കെടുക്കാൻ പ്രാപ്തി നേടുക തുടങ്ങിയ ക്ലാസ്സുകൾ സംഘടിപ്പിക്കുക. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സമൂഹത്തെ അറിയാനും ആശയങ്ങൾ പരിശോധിക്കൽ. നേടിയെടുക്കൽ | • ജില്ലയും കാലവും : സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് വർക്ക്ഷീറ്റുകൾ നൽകുന്നു. | ജൂൺ | അധ്യാപകർ | |
| | • ജില്ലകൾ, സംസ്ഥാനങ്ങൾ, രാജ്യങ്ങൾ ഇടങ്ങിയവയുടെ ഭൂപടങ്ങൾ ICT ഉപയോഗിച്ച് കാണിക്കുന്നു. | അക്കാദമിക ആരംഭം | അധ്യാപകർ | |
| 2) പഠിതാക്കളിൽ ചരിത്രാവബോധം സൃഷ്ടിക്കുക | • ICT ഉപയോഗിച്ച് ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിക്കുന്നു. | ജൂലൈ | അധ്യാപകർ | |
| 3) ജനാധിപത്യബോധം ജീവിതസമീപനം മനസ്സിലാക്കൽ | • ജനാധിപത്യ രീതിയുടെ അടിസ്ഥാനം മനസ്സിലാക്കാൻ തെരഞ്ഞെടുപ്പുകൾ, ക്ലാസ് സഭകൾ ഇവ നടത്തുന്നു. | " | പ്രധാനാധ്യാപകൻ " സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4) സഹജീവികളോട് ഉള്ള സമീപനം. | • പ്രകൃതിദുരന്തങ്ങൾ നടന്ന സ്ഥലങ്ങളെ കുറിച്ച് മനസ്സിലാക്കൽ, അതിന്റെ കാരണങ്ങളും മനസ്സിലാക്കുന്നു. | അക്കാദമിക വർഷം | " | |
| 5) സുസ്ഥിര വികസനം | • പരിസ്ഥിതി സംരക്ഷണം, കണ്ടൽക്കാടുകൾ, കാവുകൾ ഇടങ്ങിയവ സംരക്ഷിക്കുന്നു. | അക്കാദമിക വർഷം | " | PTA |

# യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ◦ അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പ് വരുത്തുന്നു. | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനു കളുള്ള പ്രവർത്തനങ്ങൾ നൽകുന്നു. | ജൂൺ | ഗണിത അധ്യാപകർ | |
| ◦ ആധുനികശാസ്ത്ര സാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം തുടങ്ങിയവ ഉൾപ്പെടുന്ന പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| ◦ ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |